**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5577** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 23,51,500/- രൂപ അനുവദിച്ചിട്ടുള്ള ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണ പ്രവൃത്തിക്ക് ലൈസൻസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (എ) | സെൻട്രൽ ഡ്രഗ്സ് കൺട്രോൾ ഓർഗനൈസേഷൻ (CDSCO)-ലെ ഡ്രഗ്സ് ഇൻസ്പെക്ടറും.0 സ്റ്റേറ്റ് ഡ്രഗ്സ് ഇൻസ്പെക്ടറും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയും സംസ്ഥാന ഡ്രഗ്സ് കൺട്രോളറും സംയുക്തമായി ഒപ്പിട്ടാണ് ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് നൽകുന്നത്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്കിന് ലൈസൻസ് അനുവദിക്കുന്നതിലേക്കായി 20/01/2025 ന് സമർപ്പിച്ച അപേക്ഷയിന്മേൽ സംയുക്ത പരിശോധന നടത്തുന്നതിലേക്കായി സെൻട്രൽ ഡ്രഗ്സ് കൺട്രോൾ ഓർഗനൈസേഷന് ഡ്രഗ്സ് കൺട്രോളർ കത്ത് നൽകിയിട്ടുണ്ട്. സംയുക്ത പരിശോധനയ്ക്കുള്ള തീയതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ